# തൗഹീദും ശരീഅത്തും

ശൈഖ് മുഹമ്മദ് കാരകുന്ന്

മനുഷ്യൻ കാണപ്പെടുന്ന ലോകത്ത് ഏറ്റവുമധികം ആദരിക്കുന്നതും അനുസരിക്കുന്നതും അവന്റെ സ്നേഹവത്സലയായ മാതാവിനെയാണ്. ജനനത്തിലും വളർച്ചയിലും മറ്റാരെക്കാളുമധികം പങ്കുവഹിക്കുന്നത് അവരാണെന്നതു തന്നെ കാരണം. പാരവശ്യത്തോടെ ഗർഭം ചുമക്കുകയും പ്രയാസത്തോടെ പ്രസവിക്കുകയും വളരെ വിഷമം സഹിച്ച് വളർത്തുകയും ചെയ്യുന്നത് മാതാവാണല്ലോ.

മനുഷ്യൻ തന്റെ സ്നേഹബഹുമാനാദരവുകൾക്കും അനുസരണത്തിനും അടുത്തതായി തെരഞ്ഞെടുക്കുക പ്രിയപ്പെട്ട പിതാവിനെയാണ്. കാരണം, അവന് ജന്മം നൽകിയതിൽ പിതാവിനുള്ള പങ്കുതന്നെ. തുടർന്ന് സമൂഹത്തിലെ മറ്റു അംഗങ്ങളെ താനുമായുള്ള ബന്ധത്തിന്റെയും ഇടപെടലിന്റെയും അടിസ്ഥാനത്തിൽ സ്നേഹിക്കുകയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അവസാന വിശകലനത്തിൽ മനുഷ്യസമൂഹത്തിലെ എല്ലാവരും ഒരേ മാതാവിതാക്കളുടെ സന്തതികളെന്ന നിലയിൽ പരസ്പരം പരിഗണിക്കുകയും സഹകരിക്കുകയും ചെയ്യുന്നു.

മാതാപിതാക്കൾ സ്വന്തം സന്തതികളെ സംബന്ധിച്ച് എന്റെ മക്കളെന്നു പറയാറുണ്ട്. മനുഷ്യൻ തന്റെ ശരീരാവയവങ്ങളെക്കുറിച്ചും എന്റേതെന്ന് വിശേഷിപ്പിക്കാറുണ്ട്. എന്നാൽ, അവന്റെ മേൽ യഥാർഥ ഉടമസ്ഥാവകാശം ആർക്കാണ്? അവന്റെ ശരീരപ്രകൃതിയും ബുദ്ധിപരമായ സ്ഥിതിയും നിർണയിക്കുന്നതിൽ ബോധപൂർവം യാതൊരു പങ്കും വഹിക്കാൻ സാധിക്കാത്ത മാതാപിതാക്കൾക്ക് അല്ലെന്ന് തീർച്ച. തന്റെ അവയവങ്ങളുടെ രൂപകൽപനയിൽ ഒന്നും ചെയ്യാൻ കഴിയാത്ത മനുഷ്യന് തന്റെ മേൽ ഉടമാവകാശമില്ല. കണ്ണുകൾ നിശ്ചലവും ശരീരം നിർജീവവുമായി മരണം പ്രാപിക്കും. ഭൂമിയിൽ ഒരു ശക്തിക്കും അത് തടയാൻ സാധ്യമല്ല. അതുകൊണ്ട് തന്നെ ഇവിടെ ആർക്കും മനുഷ്യന്റെ മേൽ ഉമടസ്ഥത അവകാശപ്പെടാനാവില്ല. സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിന് മാത്രമാണ് മനുഷ്യന്റെയും അവനുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും മേൽ യഥാർഥമായ ഉടമാവകാശം. എല്ലാ ഈശ്വര വിശ്വാസികളും അടിസ്ഥാനപരമായ ഈ യാഥാർഥ്യം അംഗീകരിക്കാൻ നിർബന്ധിതരാണ്.

അതുകൊണ്ട് മനുഷ്യൻ തന്റെ മനസ്സും ശരീരവും ഉപയോഗിക്കേണ്ടത് അവന്റെ നാഥനും ഉടമസ്ഥനുമായ അല്ലാഹുവിന്റെ ആജ്ഞാനിർദേശങ്ങൾ അനുസരിച്ചാണ്. അഥവാ, മനുഷ്യന്റെ മേൽ പരമാധികാരം ദൈവത്തിന് മാത്രമാണ്. മറ്റാർക്കും അതാവശ്യപ്പെടാനോ അവകാശപ്പെടാനോ അധികാരമില്ല. മനുഷ്യരാശി മൗലികമായ ഈ സത്യത്തിൽനിന്ന് വ്യതിചലിച്ചപ്പോഴെല്ലാം ഭൂമിയിൽ അക്രമവും അനീതിയും മർദനവും ചൂഷണവും മറ്റു കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ട്.

പരമാധികാരിയായ അല്ലാഹു മാത്രമാണ് പരമമായി അനുസരിക്കപ്പെടാവുന്ന ഏക ശക്തി. നിരുപാധികമായ ഈ അനുസരണം അവന് മാത്രം അർപ്പിക്കുകയെന്നതാണ് ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തം. ഇത് അംഗീകരിക്കാത്തേടത്തോളം കാലം അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ, അവനെ മാത്രമേ വിളിച്ചു പ്രാർഥിക്കാവൂ തുടങ്ങിയ കാര്യങ്ങൾ പോലും നിരർഥകമായിത്തീരുന്നു. കാരണം, പരമമായി അനുസരിക്കപ്പെടാവുന്ന മറ്റേതെങ്കിലും ശക്തിയോ വ്യക്തിയോ ഉണ്ടെങ്കിൽ അതിന് അവകാശപ്പെടാമല്ലോ, തന്നെയാണ് ആരാധിക്കേണ്ടതും വിളിച്ചു പ്രാർഥിക്കേണ്ടതുമെന്ന്. അതുകൊണ്ടു തന്നെ, ദൈവത്തെ മാത്രമേ നിരുപാധികം അനുസരിക്കാവൂ എന്നതാണ് ഇസ്‌ലാമിലെ ഏകദൈവ സിദ്ധാന്തത്തിന്റെ അന്തസ്സത്ത. അതിന്റെ ആദർശപരമായ അടിസ്ഥാനം അല്ലാഹു ഉടമയും മനുഷ്യൻ അടിമയുമാണെന്നതത്രെ.

ഇസ്‌ലാമികശരീഅത്തിന്റെ അടിസ്ഥാനം തൗഹീദാണ്. വൈയക്തികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും കുടുംബപരവും രാഷ്ട്രീയവുമായ മുഴുവൻ രംഗങ്ങളിലും പരമാധികാരം അല്ലാഹുവിന് നൽകുകയും അവനെ മാത്രം പരമമായി അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുകയെന്നതാണത്. ഈ ആദർശമാണ് എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്തത്. അതുകൊണ്ടുതന്നെ ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാനം എക്കാലത്തും ഒന്നുതന്നെയായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: “നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നിവരോട് കൽപിച്ചതും താങ്കൾക്ക് അറിയിച്ചുതന്നതുമായ ദീൻ തന്നെയാണ് അവൻ നിങ്ങൾക്ക് ശരീഅത്തായി നിശ്ചയിച്ചുതന്നിരിക്കുന്നത്. നിങ്ങൾ ദീനിനെ ശരിക്കും നിലനിർത്തുക, അതിൽ ഭിന്നിക്കാതിരിക്കുക” (*അശ്ശൂറാ* 18)

ആരാധനാ കാര്യങ്ങൾ, ആചാരക്രമങ്ങൾ, സാമൂഹിക മര്യാദകൾ, സാമ്പത്തിക ഇടപാടുകൾ, രാഷ്ട്രീയ നിയമങ്ങൾ, കുടുംബവ്യവസ്ഥകൾ തുടങ്ങി ശരീഅത്തിന്റെ വിശദാംശങ്ങളിൽ വിവിധ പ്രവാകന്മാരിലൂടെ അവതീർണമായ കാര്യങ്ങളിൽ വ്യത്യാസങ്ങളുണ്ടായിരുന്നു. എങ്കിലും അടിസ്ഥാനങ്ങളിൽ മാറ്റമുണ്ടായിരുന്നില്ല. എല്ലാ മേഖലകളിലും പരമാധികാരം, അഥവാ അവസാന വാക്ക് പറയാനുള്ള അവകാശം

അല്ലാഹുവിന് നൽകുക എന്നതായിരുന്നു അത്. ഈ തൗഹീദ് പ്രകാശിപ്പിക്കാൻ ഇസ്‌ലാം പരിചയപ്പെടുത്തിയ വാചകം *ലാ ഇലാഹ ഇല്ലല്ലാഹ്* എന്നാണ്. മുഴുവൻ പ്രവാചകന്മാരുടെയും പ്രബോധനത്തിന്റെ കേന്ദ്രബിന്ദു അതായിരുന്നു. അല്ലാഹു പറയുന്നു: "ഞാനല്ലാതെ ഒരു ഇലാഹുമില്ല. അതിനാൽ എനിക്ക് വിധേയമായി ജീവിക്കുക എന്ന സന്ദേശം അറിയിച്ചുകൊണ്ടല്ലാതെ താങ്കൾക്ക് മുമ്പ് ഒരു ദൂതനെയും നാം നിയോഗിച്ചിട്ടില്ല" (*അൽഅമ്പിയാഅ്* 25).

തൗഹീദിന്റെ താൽപര്യം നിഷേധിക്കപ്പെട്ട മേഖലകളിൽ അതിന്റെ പുനഃസ്ഥാപനത്തിനുവേണ്ടിയാണ് എല്ലാ പ്രവാചകന്മാരും പ്രവർത്തിച്ചുകൊണ്ടിരുന്നത്. വിശ്വാസ വൈകല്യങ്ങൾക്കും ആരാധനാ വൈകൃതങ്ങൾക്കും സാമൂഹിക അസമത്വങ്ങൾക്കും സാമ്പത്തിക ചൂഷണങ്ങൾക്കും സാംസ്കാരിക ജീർണതകൾക്കും രാഷ്ട്രീയാടിമത്തത്തിനും എതിരെ അവർ ശക്തമായ സമരം നയിച്ചു.

ബഹുദൈവവിശ്വാസത്തെ എതിർത്ത പ്രവാചകനായ ഹൂദ്(അ) സാമ്പത്തിക രംഗത്ത് അല്ലാഹുവിന്റെ പരമാധികാരം അംഗീകരിച്ച് തദനുസൃതമായ മാറ്റങ്ങൾ വരുത്താൻ ആദ് സമുദായത്തോട് ആവശ്യപ്പെടുകയുണ്ടായി. അല്ലാഹുവെ സൂക്ഷിക്കുകയും തന്നെ അനുസരിക്കുകയും ചെയ്യുന്നതിന്റെ ഫലമായി സാമ്പത്തികരംഗത്തെ ജീർണത അവസാനിക്കണമെന്ന നിർബന്ധം അദ്ദേഹത്തിന്റെ പ്രബോധനത്തിനുണ്ടായിരുന്നു. അല്ലാഹു പറയുന്നു: "ആദ് സമുദായം ദൈവദൂതന്മാരെ നിഷേധിച്ചു. 'നിങ്ങൾ സൂക്ഷ്മത പുലർത്തുന്നില്ലേ'യെന്ന് അവരുടെ സഹോദരൻ ഹൂദ് അവരോട് ചോദിച്ചു. ഞാൻ നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട വിശ്വസ്തനായ പ്രവാചകനാണ്. അതിനാൽ അല്ലാഹുവെ സൂക്ഷിക്കുക. എന്നെ അനുസരിക്കുക. അതിന്റെ പേരിൽ ഞാൻ നിങ്ങളോട് ഒരു പ്രതിഫലവും ചോദിക്കുന്നില്ല. ലോകരക്ഷിതാവിങ്കൽ മാത്രം നിക്ഷിപ്തമാണ് എന്റെ പ്രതിഫലം. അനാവശ്യമായി (പണത്തിന്റെയും പ്രതാപത്തിന്റെയും) അടയാളമെന്ന നിലയിൽ എല്ലാ ഉയർന്ന കുന്നുകളിലും നിങ്ങൾ കൊട്ടാരങ്ങൾ കെട്ടി ഉയർത്തുകയോ? ശാശ്വതമായി ജീവിക്കാമെന്ന പ്രതീക്ഷയോടെ പ്രബല മന്ദിരങ്ങളും കോട്ടകളും നിർമിക്കുകയോ?" (*അശ്ശുഅറാഅ്* 123–129).

പ്രവാചകനായ സ്വാലിഹി(അ)ന്റെ പ്രബോധനവും മറിച്ചായിരുന്നില്ല. അല്ലാഹുവെ സൂക്ഷിക്കുകയും തന്നെ അനുസരിക്കുകയും ചെയ്യുന്നതിലൂടെ ജീവിതത്തിലെ ഭൗതികപ്രമത്തത അവസാനിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അതിനാൽ തന്റെ പ്രബോധിതരായ സമൂദ് ഗോത്രത്തോട് ചോദിച്ചു: "അഹങ്കാരത്തോടെ നിങ്ങൾ പർവതങ്ങളിൽ പാറകൾ വെട്ടി വീടുകൾ നിർമിക്കുകയോ?" (*അശ്ശുഅറാഅ്* 142).

തന്റെ സമുദായം തൗഹീദ് അംഗീകരിക്കുന്നതോടെ അതിന്റെ ഭാഗമായി അല്ലാഹുവിന്റെ പരമാധികാരം സാമ്പത്തിക ഇടപാടുകളിലും പ്രതിഫലിക്കണമെന്ന് ശുഐബ് നബി(അ)ക്ക് നിർബന്ധമുണ്ടായിരുന്നു. അതിനാൽ അദ്ദേഹം അവരോട് പറഞ്ഞു: "എന്റെ സമുദായമേ! നിങ്ങൾ അല്ലാഹുവിന്റെ ആജ്ഞകൾക്കനുസൃതമായി ജീവിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരിലാഹുമില്ല. നിങ്ങൾ അളത്തത്തിലും തൂക്കത്തിലും കുറവ് വരുത്തരുത്. നിങ്ങളുടെ നന്മയാണ് എന്റെ ലക്ഷ്യം. നിങ്ങളെ നശിപ്പിക്കുന്ന ഒരു നാളിലെ ശിക്ഷ ഞാനിതാ ഭയപ്പെടുന്നു. എന്റെ സമുദായമേ! നിങ്ങൾ അളവും തൂക്കവും നീതിയോടെ നടത്തുക. ജനങ്ങൾക്ക് അവരുടെ ചരക്കുകളിൽ കമ്മി വരുത്തരുത്. ഭൂമിയിൽ നാശമുണ്ടാക്കി നടക്കുകയുമരുത്" (*ഹൂദ്* 74,75).

"നിങ്ങൾ അളത്തം പൂർത്തീകരിക്കുക. അതിൽ കുറവ് വരുത്തരുത്. ചൊവ്വായ തുലാസ് കൊണ്ട് തൂക്കിക്കൊടുക്കുക. ആളുകൾക്ക് അവരുടെ സാധനങ്ങളിൽ കുറവ് വരുത്തരുത്. ഭൂമിയിൽ നാശമുണ്ടാക്കി നടക്കുകയും അരുത്" (*അശ്ശുഅറാഅ്* 171–173).

മറ്റെല്ലാ മേഖലകളിലുമെന്ന പോലെ സദാചാര രംഗത്തും അല്ലാഹുവിന്റെ പരമാധികാരം അംഗീകരിച്ച് വിശുദ്ധി കൈവരുത്തണമെന്ന് ലൂത്വ്(അ) നിഷ്കർഷിച്ചിരുന്നു. അതിനാൽ അദ്ദേഹം സ്വവർഗഭോഗികളായിരുന്ന തന്റെ ജനതയോട് ചോദിച്ചു: "ലോകരിൽ പുരുഷന്മാരെയാണോ നിങ്ങൾ സമീപിക്കുന്നത്? നിങ്ങൾക്കായി നിങ്ങളുടെ നാഥൻ സൃഷ്ടിച്ചിരിക്കുന്ന ഇണകളെ നിരാകരിക്കുകയോ?" (*അശ്ശുഅറാഅ്* 165,166).

"നിശ്ചയമായും നീചമായ വൃത്തിയിലാണ് നിങ്ങൾ വ്യാപൃതരായിരിക്കുന്നത്. നിങ്ങൾക്ക് മുമ്പ് ലോകജനതയിൽ ആരും അങ്ങനെ ചെയ്തിട്ടില്ല" (*അൽഅൻകബൂത്ത്* 28).

നാട്ടിലെ നാശോന്മുഖമായ സാമ്പത്തിക ക്രമത്തിന്റെ പുനരാവിഷ്കാരവും ഭരണ നടത്തിപ്പും പ്രവാചകനായ യൂസുഫ്(അ) തന്റെ പ്രബോധനത്തിന്റെ ഭാഗമായി സ്വീകരിക്കുകയുണ്ടായി. അദ്ദേഹം അനിസ്‌ലാമിക ഭരണത്തിൽ പങ്കാളിത്തം വഹിച്ചുവെന്ന് വരുത്താനായി ചിലർ വാദിക്കുന്നപോലെ, നിലവിലുണ്ടായിരുന്ന വ്യവസ്ഥ കൊണ്ടുനടത്തുകയല്ല ചെയ്തത്. അതിന് ഒരു പ്രവാചകന്റെ ആവശ്യവുമില്ല. തൗഹീദ് സ്ഥാപനത്തിനു ചെലവഴിക്കേണ്ട സമയം നേരത്തേതന്നെ ഉണ്ടായിരുന്ന ഒരു വ്യവസ്ഥിതി അതേപടി നിലനിർത്താനായി വിനിയോഗിക്കേണ്ടതില്ല. യഥാർഥത്തിൽ യൂസുഫ് നബി(അ) ചെയ്തത് നാട്ടിലെ സാമ്പത്തികക്രമത്തെ തൗഹീദിൽ അധിഷ്ഠിതമായ ശരീഅത്തനുസരിച്ച് പുനഃക്രമീകരിക്കുകയാണ്. ഈ പുനസ്സംവിധാനത്തിൽ അദ്ദേഹം ഉപയോഗിച്ചത് തനിക്ക് ദിവ്യബോധനത്തിലൂടെ ലഭിച്ച കഴിവും അറിവുമാണ്. ആ ഉത്തരവാദിത്വം വഹിക്കാൻ തന്നെ അർഹനാക്കുന്ന പ്രത്യേകതകളും അവ തന്നെയാണെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. "അദ്ദേഹം പറഞ്ഞു: ഭൂമിയിലെ വിഭവങ്ങളുടെ ചുമതല എന്നെ ഏൽപിക്കുക. ഞാൻ ശരിക്ക് സംരക്ഷിക്കുന്നവനും അതേക്കുറിച്ച് അറിവുള്ളവനുമാണ്" (*യൂസുഫ്* 55).

ഈ യോഗ്യതകൾ പ്രവാചകനെന്ന നിലയിൽ അല്ലാഹു നേരത്തേ തന്നെ അദ്ദേഹത്തിന് നൽകിയതാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു: "അങ്ങനെ അദ്ദേഹം യൗവനത്തിന്റെ പൂർണ ദശ പ്രാപിച്ചപ്പോൾ അദ്ദേഹത്തിന് നാം തീരുമാനകഴിവും ജ്ഞാനവും നൽകി. സുകൃതവാന്മാർക്ക് നാം പ്രതിഫലം നൽകുന്നത് അങ്ങനെ തന്നെയാണ്" (*യൂസുഫ്* 22).

ഭരണം ഇസ്‌ലാമികമായി കൈയാളുകയെന്നത് ദാവൂദ് നബി(അ)യുടെ തൗഹീദ് സ്ഥാപനത്തിന്റെ ഭാഗമായിരുന്നു. അല്ലാഹു പറയുന്നു: "ദാവൂദ്! നിന്നെ ഞാൻ ഭൂമിയിലെ ഖലീഫയാക്കിയിരിക്കുന്നു. അതിനാൽ ജനങ്ങൾക്കിടയിൽ സത്യമനുസരിച്ച് വിധി നടത്തുക. ദേഹേഛയെ പിന്തുടരരുത്. അങ്ങനെ ചെയ്താൽ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് അത് താങ്കളെ തെറ്റിച്ചുകളയും. ദൈവികസത്തയിൽനിന്ന് വ്യതിചലിക്കുന്നവർക്ക് കടുത്ത ശിക്ഷയുണ്ട്. അവർ വിചാരണനാളിനെ വിസ്മരിച്ചതിനാലാണത്" (*സ്വാദ്* 26).

ഇസ്രാഈല്യരെ ഫറോവയുടെ അടിമത്തത്തിൽനിന്ന് മോചിപ്പിക്കൽ ഹസ്രത്ത് മൂസാ(അ)യുടെ തൗഹീദ് സ്ഥാപനത്തിന്റെയും പ്രവാചകദൗത്യത്തിന്റെയും ഭാഗമായിരുന്നു. "മൂസാ പറഞ്ഞു: ഫിർഔൻ! ഞാൻ പ്രപഞ്ചനാഥനിൽനിന്നുള്ള ദൂതനാണ്; അല്ലാഹുവിന്റെ പേരിൽ സത്യമല്ലാതെ ഒന്നും പറ

യാതിരിക്കാൻ ബാധ്യസ്ഥനും. നിങ്ങളുടെ നാഥന്റെ അടുക്കൽനിന്നുള്ള വ്യക്തമായ ദൃഷ്ടാന്തവുമായാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. അതിനാൽ ഇസ്രായേൽ സന്തതികളെ എന്റെ കൂടെ വിട്ടുതരിക''(*അൽ അഅ്റാഫ്* 105).

മർദിത ജനതയുടെ വിമോചനം, അവർക്ക് ഭൂമിയിൽ നേതൃത്വവും അവകാശവും സ്ഥാപിച്ചുകൊടുക്കൽ; ഇതും അദ്ദേഹത്തിന്റെ ദൗത്യമായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: "ഫിർഔൻ ഭൂമിയിൽ ഔദ്ധത്യം കാണിച്ചു. അവിടത്തെ നിവാസികളെ കക്ഷികളാക്കി. അവരിലൊരു വിഭാഗത്തെ മർദിച്ചുകൊണ്ടിരുന്നു. അവരുടെ ആൺകുട്ടികളെ അവൻ അറുകൊല ചെയ്തിരുന്നു; സ്ത്രീകളെ ജീവിക്കാൻ വിടുകയും. അവൻ വലിയ കുഴപ്പക്കാരനായിരുന്നു. എന്നാൽ, ഭൂമിയിൽ മർദിക്കപ്പെട്ടവരോട് ഔദാര്യം കാണിക്കുകയും അവരെ നേതാക്കളും അനന്തരാവകാശികളുമാക്കുകയും ചെയ്യാൻ നാം ഉദ്ദേശിക്കുന്നു"(*അൽഖസ്വസ്* 4,5).

ഈ ദൗത്യം നിർവഹിക്കപ്പെട്ട കാര്യം അല്ലാഹു അറിയിക്കുന്നത് ഇങ്ങനെയാണ്: "നാം അനുഗ്രഹിച്ച ഭൂമിയുടെ പൂർവ ദേശങ്ങളും പശ്ചിമ ദേശങ്ങളുമെല്ലാം മർദിക്കപ്പെട്ടിരുന്ന ആ ജനതക്ക് നാം അനന്തരാവകാശമായി നൽകി. അങ്ങനെ ഇസ്രയേൽ സന്തതികളുടെ കാര്യത്തിൽ നിന്റെ നാഥന്റെ ഉത്കൃഷ്ടമായ വാക്യം പൂർണമായി പുലർന്നു. അവർ ക്ഷമിച്ചതിനാൽ, ഫിർഔനും പ്രഭൃതികളും പണിത് വന്നതും കെട്ടിപ്പൊക്കിയിരുന്നതുമായ സർവതും നാം നിശ്ശേഷം നശിപ്പിച്ചു" (*അൽഅഅ്റാഫ്* 137).

ചുരുക്കത്തിൽ, പൂർവികരായ എല്ലാ പ്രവാചകന്മാരും ജീവിതത്തിന്റെ നിഖില മേഖലകളിലും ഇസ്‌ലാമിക ശരീഅത്ത് സ്ഥാപിക്കാൻ ശ്രമിച്ചിരുന്നു. അതിന്റെ അടിസ്ഥാനം പരമാധികാരം ദൈവത്തിനാണെന്ന തൗഹീദിന്റെ അന്തസ്സത്തയുമായിരുന്നു. ആരാധനാ രംഗത്തുള്ള അല്ലാഹുവിന്റെ അവകാശവും അധികാരവും മാത്രമല്ല അവർ ലക്ഷ്യമാക്കിയിരുന്നത്. മറിച്ച്, സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ മുഴുവൻ മണ്ഡലങ്ങളിലും അവന്റെ പരമാധികാരവും അവകാശവും നിലനിർത്താനവർ നിരന്തരം യത്നിച്ചിരുന്നു. അതുകൊണ്ടുതന്നെ തങ്ങളുടെ അനുയായികളുടെ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും നായകത്വം നൽകിയിരുന്നത് അവർ തന്നെയായിരുന്നു. മറിച്ച്, ഏതെങ്കിലും വശം പ്രതിയോഗികളായ അവിശ്വാസികൾക്ക് വിട്ടുകൊടുത്തിരുന്നില്ല. അതിനാൽ, ഭൂപ്രദേശങ്ങളുടെ മേൽ അധികാരം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഫലത്തിൽ വിശ്വാസികളുടെ നേതാക്കളും ഭരണാധികാരികളും പ്രവാചകന്മാരായിരുന്നു. മക്കയിൽ ആധിപത്യമില്ലാത്ത ഘട്ടത്തിലും വിശ്വാസികളുടെ ജീവിതത്തിൽ സാമൂഹികവും സാമ്പത്തികവും മറ്റുമായ മുഴുവൻ രംഗങ്ങളിലും നേതൃത്വം നൽകിയിരുന്നത് നബി(സ)യായിരുന്നു. വിശക്കുമ്പോഴും മർദിക്കപ്പെടുമ്പോഴും പ്രയാസങ്ങളനുഭവിക്കുമ്പോഴും അവർ പരാതി പറഞ്ഞിരുന്നതും മാർഗനിർദേശം തേടിയിരുന്നതും പ്രവാചകന്മാരോടായിരുന്നു. അല്ലാതെ, നംറൂദ്, ഫറോവ, കിസ്റാ, ഖൈസർ, അബൂജഹ്ൽ, അബൂലഹബ് എന്നിവരോടായിരുന്നില്ല. ആരാധന ഒഴിച്ചുള്ള ജീവിതത്തിന്റെ മറ്റു മേഖലകളിൽ കൂടി അല്ലാഹു വിധിവിലക്കുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിനർഥം ആ മുഴുവൻ മേഖലകളിലും പരമാധികാരം അവന് മാത്രമാണെന്നാകുന്നു. അധികാരമില്ലാത്തവൻ കൽപന നൽകുന്നതും അനുസരണം ആവശ്യപ്പെടുന്നതും തികച്ചും അർഥശൂന്യമാണെന്ന് പറയേണ്ടതില്ലല്ലോ.

മനുഷ്യന്റെ മേൽ പരമാധികാരം പ്രപഞ്ചത്തിന്റെ പിന്നിലെ പരാശക്തിക്കാണെന്നും ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും നിരുപാധികം അനുസരിക്കേണ്ടത് ആ ശക്തിയെ മാത്രമാണെന്നുമുള്ള ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാനവും തൗഹീദിന്റെ അന്തസ്സത്തയും അംഗീകരിക്കുകയും അതിനെ തങ്ങളുടെ വികാരങ്ങളുമായി ബന്ധിപ്പിക്കുകയും അതിനായി ജീവിതം സമർപ്പിക്കുകയും ചെയ്ത സമൂഹത്തിൽ ശരീഅത്തിന്റെ വിശദാംശങ്ങൾ നിഷ്പ്രയാസം നടപ്പാക്കാൻ സാധിക്കും. ലാ ഇലാഹ ഇല്ലല്ലാഹു എന്ന ആദർശം അംഗീകരിച്ച അറേബ്യൻ ജനതയുടെ ജീവിതത്തെ പൂർണമായും പരിവർത്തിപ്പിച്ചെടുക്കാൻ പ്രവാചക(സ)ന് ഏറെ പ്രയാസപ്പെടേണ്ടിവന്നില്ല.

ഇസ്‌ലാമിന്റെ ആഗമന ഘട്ടത്തിൽ അവർ ലഹരി പദാർഥങ്ങളുടെ അടിമകളായിരുന്നു. അതവരുടെ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. എന്നാൽ ആ സമൂഹം ലാ ഇലാഹ ഇല്ലല്ലാഹു എന്ന് അംഗീകരിച്ചശേഷം മദ്യം നിഷിദ്ധമാക്കിയപ്പോൾ ഒരു നിമിഷം പോലും കാത്തിരിക്കാതെ അത് ഉപേക്ഷിച്ചു. ഒരു സംഘം സ്വഹാബികൾ ബുറൈദയുടെ മദ്യഷാപ്പിലിരുന്ന് കുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവർക്ക് നിരോധനാജ്ഞ ലഭിച്ചത്. അപ്പോൾ അവരുടെ കൈകളിൽ മദ്യക്കോപ്പകളുണ്ടായിരുന്നു; ചിലരുടെ ചുണ്ടിലും. ഒട്ടും താമസിച്ചില്ല; അവർ കോപ്പകൾ വലിച്ചെറിഞ്ഞു. വായിലുള്ളത് പുറത്തേക്ക് തുപ്പി. വയറ്റിലെത്തിയത് ഛർദിച്ചുകളയാൻ ശ്രമിച്ചു. വില പിടിച്ച മദ്യവീപ്പകൾ തെരുവിൽ കൊണ്ടുപോയി ഒഴിച്ചു. കാരണം തങ്ങൾ എന്തു കുടിക്കണമെന്നും കുടിക്കരുതെന്നും തീരുമാനിക്കാനുള്ള പരമമായ അധികാരം മാതാക്കൾക്കോ നാട്ടാചാരങ്ങൾക്കോ പാരമ്പര്യങ്ങൾക്കോ ഗോത്രത്തലവന്മാർക്കോ ഭരണാധികാരികൾക്കോ അല്ലെന്നും മറിച്ച് അല്ലാഹുവിന് മാത്രമാണെന്നും അവർ അംഗീകരിച്ചിരുന്നു. അതിനാൽ അവന്റെ നിർദേശം അനായാസം സ്വീകരിക്കാൻ അവർക്ക് സാധിച്ചു.

അറേബ്യൻ സ്ത്രീകൾ അർധനഗ്നകളായിരുന്നു. മാറ് മറച്ചിരുന്നില്ല. എന്നാൽ തൗഹീദ് അംഗീകരിച്ച വിശ്വാസിനികളോട് ഇസ്‌ലാം മാനമായി വസ്ത്രധാരണം ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ, ആജ്ഞ ലഭിച്ച നിമിഷം അവരത് അനുസരിക്കുകയുണ്ടായി. കൽപന കിട്ടിയപ്പോൾ അൻസ്വാറുകളും മുഹാജിറുകളുമായ സ്ത്രീകൾ ഒരു സ്ഥലത്ത് കൂടിയിരിക്കുകയായിരുന്നു. അവരുടെ വശം അനുയോജ്യമായ വസ്ത്രങ്ങളുണ്ടായിരുന്നില്ല. എന്നിട്ടും അവർക്കത് കിട്ടുവോളം കാത്തിരുന്നില്ല. മറിച്ച്, അവിടെയുണ്ടായിരുന്ന പുതപ്പുകളും തലയണകളും വലിച്ചുകീറി ശിരസ്സും മറ്റും മറക്കുകയാണുണ്ടായത്. കാരണം, തങ്ങളുടെ വേഷവിധാന കാര്യത്തിൽ അവസാന വാക്ക് പറയാനുള്ള അവകാശം അല്ലാഹുവിന് മാത്രമാണെന്ന് അവർ നേരത്തേ സ്വയം സമ്മതിച്ചവരായിരുന്നു. മറ്റെല്ലാ ഇലാഹുകളെയും പുറംതള്ളിയവരും.

അക്രമ മർദനങ്ങളും കൊള്ളയും കൊലയും അനിസ്‌ലാമിക കാലത്തെ അറേബ്യൻ ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു. എന്നിട്ടും അവരെ ഒരേ ശരീരത്തിന്റെ അവയവങ്ങൾ കണക്കെ പരസ്പരം ബന്ധിപ്പിക്കാൻ പ്രവാചകന് സാധിച്ചു. ബന്ധങ്ങളും ഇടപാടുകളും നിശ്ചയിക്കാനുള്ള പരമാധികാരം സ്രഷ്ടാവിന് നൽകിയതിനാൽ അവനിൽനിന്ന് ലഭിച്ച നിർദേശങ്ങളെല്ലാം അവർ നിർവിശങ്കം സ്വീകരിച്ചതിനാലാണ് ഇത് സാധിച്ചത്. ഇങ്ങനെ ജീവിതത്തിന്റെ നിഖില മേഖലകളിലും തൗഹീദിന്റെ താൽപര്യമെന്ന നിലയിൽ അല്ലാഹുവിൽനിന്ന് അവതീർണമായ ശരീഅത്ത് സ്ഥാപിക്കാൻ പ്രവാചകന് കഴിഞ്ഞു.

ആരാധനാരംഗത്തും ജീവിതത്തിന്റെ ഇതര മേഖലകളിലും അല്ലാഹു

വിന്റെ പരമാധികാരം അംഗീകരിക്കുകയെന്ന അടിസ്ഥാനത്തിൽ വിട്ടുവീഴ്ച ചെയ്യാൻ നബി(സ) തീരെ സന്നദ്ധനായിരുന്നില്ല. അതുകൊണ്ടാണ് മക്കയിലെ ബഹുദൈവവിശ്വാസികൾ അധികാരവും സമ്പത്തും സ്ത്രീയുമെല്ലാം നൽകാമെന്ന് പറഞ്ഞ് പ്രലോഭിപ്പിച്ചപ്പോൾ പ്രവാചകൻ(സ) അവയെല്ലാം നിരാകരിച്ച് ആദർശത്തിൽ അടിയുറച്ചുനിന്നത്. പരമാധികാരം അല്ലാഹുവിന് അംഗീകരിച്ചുകൊടുക്കാത്ത ഭരണാധികാരം അദ്ദേഹത്തിന് അസ്വീകാര്യമായിരുന്നു. അധികാരം കൈയാളുമ്പോഴുള്ള ഇസ്‌ലാമിക മാനദണ്ഡവും അതത്രെ.

പ്രവാചകന്മാരെയും സത്യപ്രബോധകരെയും എക്കാലവും എതിർത്തതും എതിർക്കാറുള്ളതും കൃത്രിമമായി പരമാധികാരം കൈയടക്കിവെച്ച പ്രമാണിവർഗമാണ്. പണ്ഡിതന്മാർ, പുരോഹിതന്മാർ, പരീശന്മാർ, പ്രഭുക്കന്മാർ, ഗോത്രത്തലവന്മാർ, ഏകാധിപതികൾ, സ്വേഛാധിപതികൾ തുടങ്ങിയവരെല്ലാം അക്കൂട്ടത്തിൽ പെടുന്നു. മുഴുവൻ പ്രവാചകന്മാരുടെയും പ്രതിയോഗികൾ ഏതെങ്കിലും വിധത്തിൽ പരമാധികാരം വാഴുന്ന പ്രമാണിമാരായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. ഹസ്രത്ത് നൂഹ് നബി(അ)യെ എതിർത്തത് അദ്ദേഹത്തിന്റെ സമൂഹത്തിലെ മേലാളന്മാർ (മലഅ്) ആയിരുന്നുവെന്ന് നിരവധി സ്ഥലങ്ങളിൽ അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട് (*അൽഅഅ്റാഫ്* 60, *ഹൂദ്* 27, 38, *അൽമുഅ്മിനൂൻ* 24). ഹൂദി(അ)നെ എതിർത്തത് (*അൽഅഅ്റാഫ്* 66), സ്വാലിഹ് നബി(അ)ക്കെതിരെ പ്രത്യക്ഷപ്പെട്ടത് (*അൽഅഅ്റാഫ്* 76), ശുഐബ് നബി(അ)ക്കെതിരെ രംഗത്ത് വന്നത് (*അൽ അഅ്റാഫ്* 88,90), മൂസാ നബി(അ)യെ വിമർശിച്ചത് (*അൽഅഅ്റാഫ്* 110) എല്ലാം പ്രമാണിവർഗമായിരുന്നുവെന്ന് ഖുർആൻ സംശയരഹിതമായി പ്രഖ്യാപിക്കുന്നു.

അതിനവരെ പലപ്പോഴും പ്രേരിപ്പിച്ചിരുന്നത് തങ്ങളുടെ അധികാരവും സ്ഥാനമാനങ്ങളും നഷ്ടപ്പെടുമെന്ന ഭയമായിരുന്നു. പ്രവാചകന്മാരുടെ മേധാവിത്വം വരുമെന്നാണ് അവർ ആശങ്കിച്ചിരുന്നത്. നൂഹ് നബി(അ)യുടെ കാലത്തുപോലും അതായിരുന്നു അവസ്ഥ. "നൂഹിനെ തന്റെ ജനതയിലേക്ക് നാം അയച്ചു. അദ്ദേഹം പറഞ്ഞു: എന്റെ സമുദായമേ! നിങ്ങൾ അല്ലാഹുവിന്റെ കൽപനകൾക്ക് കീഴ്പ്പെട്ട് ജീവിക്കുക. അവനല്ലാതെ നിങ്ങൾക്ക് ഒരു ഇലാഹുമില്ല. നിങ്ങൾ സൂക്ഷിക്കുന്നില്ലേ? അദ്ദേഹത്തിന്റെ സമുദായത്തിലെ സത്യനിഷേധികളായ നേതാക്കന്മാർ പറഞ്ഞു: ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളേക്കാൾ സ്ഥാനവും പദവിയുമുള്ള ആളായിത്തീരണമെന്ന് അവൻ ഉദ്ദേശിക്കുന്നു" (*അൽമുഅ്മിനൂൻ* 23,24).

തങ്ങളുടെ പരമാധികാരം കാത്തുരക്ഷിക്കാൻ പ്രമാണിവർഗം പലപ്പോഴും അവലംബിച്ചിരുന്നത് ജനങ്ങളിൽ അള്ളിപ്പിടിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ബഹുദൈവാരാധനയും പൈതൃക നടപടിക്രമങ്ങളും പാരമ്പര്യസ്വഭാവവുമൊക്കെയായിരുന്നു. അതുകൊണ്ട് തന്നെ ദീനിന്റെ സംസ്ഥാപനം സാധ്യമാവണമെങ്കിൽ പരമാധികാരം കൃത്രിമമായി കൈയടക്കിവെച്ച ശക്തികളിൽനിന്ന് സമൂഹത്തെ മോചിപ്പിക്കേണ്ടതുണ്ട്. അതിനായി ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും തൗഹീദ് ചെലുത്തുന്ന സ്വാധീനത്തെ സംബന്ധിച്ച് പ്രബോധിതരെ ബോധവാന്മാരാക്കുകയും വേണം. മുഴുവൻ പ്രവാചകന്മാരും തങ്ങളുടെ പ്രബോധനം *ലാ ഇലാഹ ഇല്ലല്ലാഹ്* എന്ന ആദർശത്തിൽ കേന്ദ്രീകരിച്ചത് അതിനാലാണ്. വിശ്വാസകാര്യങ്ങളും ആരാധനാ കർമങ്ങളും ആചാരാനുഷ്ഠാനങ്ങളും സാമൂഹിക ഇടപാടുകളും സാമ്പത്തിക കാര്യങ്ങളും സാംസ്കാരിക രംഗവും രാഷ്ട്രീയ വ്യവസ്ഥകളുമെല്ലാം തൗഹീദിന്റെ വിശാലമായ താൽപര്യങ്ങൾക്കനുരൂപമായി, ദൈവികശരീഅത്തിന്റെ പ്രതിഫലനമായിരിക്കണമെന്ന് ഇസ്‌ലാം ആവശ്യപ്പെടുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന അടിസ്ഥാനവും അതിന്റെ വിശദാംശമായ ശരീഅത്തും എല്ലാം ഉൾക്കൊള്ളുന്ന ജീവിത വ്യവസ്ഥയെ സംബന്ധിച്ചാണ് അല്ലാഹു പറഞ്ഞത്: "അല്ലാഹുവിങ്കൽ ദീൻ ഇസ്‌ലാം മാത്രമാകുന്നു."

അതിനാൽ തൗഹീദിന്റെ സംസ്ഥാപനമെന്നാൽ ആരാധനാ രംഗത്തെ തൗഹീദ് സ്ഥാപനവും ശിർക്കിന്റെ നിഷ്കാസനവും മാത്രമാണെന്ന വാദം അബദ്ധജടിലമാണ്. ഇപ്രകാരംതന്നെ മനുഷ്യന്റെ മേൽ പരമാധികാരം അല്ലാഹുവിനാണെന്നും നിരുപാധികം അനുസരിക്കപ്പെടാൻ അർഹനായി അവനല്ലാതെ ആരുമില്ലെന്നുമുള്ള അടിസ്ഥാനം അംഗീകരിക്കാതെ അതിന്മേൽ അധിഷ്ഠിതമായ ഇസ്‌ലാമിക ശരീഅത്തിന്റെ സംസ്ഥാപനത്തിനും സംരക്ഷണത്തിനും വേണ്ടി ശബ്ദിക്കുന്നതും നിരർഥകമത്രെ. ■